"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഇരിട്ടി ഹയർ സെക്കന്ററിസ്കൂളിലെ ക്ളാർക്കായ ശ്രീ.സതി.വി മുതൽപേർ ഫയൽ ചെയ്ത റിട്ട് ഹർജി നം. 8065/2023 -യിലെ 10.03.2023 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം - പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2625/2024/GEDN തീയതി,തിരുവനന്തപുരം, 11-04-2024

---

പരാമർശം:-

1. 02.11.2001ലെ 81820/PRC - A3/2001/ധന നം. കത്ത്.
2. 21.12.2002 ലെ 92248/PRC - A3/2001/ധന നം. കത്ത്.
3. 12.08.2003 ലെ 47488/PRC - A3/2001/ധന നം. കത്ത്.
4. 20.01.2006ലെ സ.ഉ(പി)നം. 7/2016/ധന നം. കത്ത്.
5. 20.05.2013 ലെ സ.ഉ(സാധാ)നം. 2116/2013/പൊവിവ.
6. 08.08.2018 ലെ 46/2008/ധന നം. സർക്കുലർ.
7. 10.02.2021 ലെ സ.ഉ(പി)നം.27/2021/ധന.
8. റിട്ട് ഹർജി നം. 8065/2023-യിലലെ 10.03.2023 ലെ വിധിന്യായം.
9. തലശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 02.06.2023 ലെ നം.ബി1/714/2023 നം. കത്ത്.
10. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.06.2023 ലെ ആർ 4/9439/2023/ഡി.ജി.ഇ നം. കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ഇരിട്ടി ഹയർ സെക്കന്ററി സ്കൂളിലെ ക്ളാർക്കായ ശ്രീ.സതി.വി മുതൽപേർ ഫയൽ ചെയ്ത റിട്ട് ഹർജി നം. 8065/2023 -യിലെ ബഹു. ഹൈക്കോടതിയുടെ പരാമർശം(8) ലെ വിധിന്യായത്തിൽ അപേക്ഷകനെയും ബന്ധപ്പെട്ടവരെയും നേരിൽ കേട്ടതിനുശേഷം അപേക്ഷകരുടെ എക്സിബിറ്റ് പി 21 നിവേദനം പരിഗണിച്ച് ഉചിതമായ ഉത്തരവ് വിധിന്യായം കൈപ്പറ്റി 4 മാസത്തിനകം പുറപ്പെടുവിക്കുവാൻ 1-ാം എതിർ കക്ഷിയായ സർക്കാരിനെ നിർദ്ദേശിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം 12.06.2023 ന് നേരിൽ കേട്ടു.

3. ഹർജിക്കാരുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെയും വാദഗതികൾ ചുവടെചേർക്കുന്നു.

<u>ഹർജിക്കാർ</u>

4. കേരള വിദ്യാഭ്യാസ നിയമം അധ്യായം 14 A, ചട്ടം 43ൽ അധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച വ്യവസ്ഥകൾ പ്രതിപാദിക്കുന്നു. കെ.ഇ.ആർ അദ്ധ്യായം 24 ബി, ചട്ടം 7 പ്രകാരം അധ്യായം 14 Aയിലെ സേവന വ്യവസ്ഥകൾ എല്ലാം അനധ്യാപകർക്കു കൂടി ബാധകമാക്കിയിട്ടുണ്ട്. ചട്ടം 43, സ്ഥാനക്കയറ്റം ലഭിക്കുന്ന ക്ലാർക്കുമാർക്ക് ബാധകമാണ്. ഇത്തരത്തിലുള്ള ഉയർന്ന യോഗ്യതയുള്ളവർക്ക് ലഭിക്കുന്ന സ്ഥാനക്കയറ്റ സാധ്യത തസ്തിക കൈമാറ്റം എന്ന വിഭാഗത്തിൽപ്പെടുത്താൻ കഴിയില്ല. ലബോറട്ടറി അസിസ്റ്റന്റ് തസ്തിക കൈമാറ്റം വഴി ലഭിക്കുന്നത് പ്രത്യേക സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ളതാണ്.

5. സ്ഥാനകയറ്റം ലഭിച്ച ക്ലർക്കുമാരുടെ വിഭാഗത്തിൽ ഹയർ ഗ്രേഡുകൾ നൽകുന്നതിന് ലാസ്റ്റ് ഗ്രേഡ് സേവനം കണക്കാക്കുന്നത് എയ്ഡഡ് സ്കൂളുകളിലെ അനധ്യാപകർക്ക് കൂടി അനുവദിക്കുന്നത് ഈ വിഭാഗത്തിന് അർഹിക്കുന്ന പരിഗണന ആയിരിക്കും. കഴിഞ്ഞ തുടർച്ചയായ മൂന്ന് ശമ്പള കമ്മീഷനുകൾ ഈ ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നു. എയ്ഡഡ് സ്കൂളുകളിലെ അനധ്യാപകർക്ക് നോൺ ടീച്ചിംഗ് സ്റ്റാഫ് എന്ന നിലയിൽ പ്രമോഷൻ ലഭ്യമല്ല

6.എയ്ഡഡ് സ്കൂളുകളിലെ പ്രമോട്ടഡ് ക്ലാർക്കുമാർക്ക് സമയബന്ധിതമായ ഹയർ ഗ്രേഡുകൾ 15, 22, 27 വർഷങ്ങൾ 2,3,4 ഹയർ ഗ്രേഡുകളുടെ മൊത്തം സേവനങ്ങൾ പൂർത്തിയാകുമ്പോൾ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് കണക്കാക്കി അനുവദിച്ച ലാസ്റ്റ് ഗ്രേഡ് പ്രവേശനത്തിൽ ഗ്രേഡ് അതേപടി തുടരും . എയ്ഡഡ് സ്കൂളുകളിലെ പ്രമോട്ടഡ് ക്ലർക്കുമാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾക്ക് നിയമപരമായി അർഹതയുണ്ട്. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്ന് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിച്ച തങ്ങൾക്ക് ലാസ്റ്റ് ഗ്രേഡ് സർവീസ് കൂടി പരിഗണിച്ചുകൊണ്ട് സമയബന്ധിത ഗ്രേഡുകൾ അനുവദിച്ച് നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

<u>പൊതുവിദ്യാഭ്യാസ ഡയറക്ടർ</u>

7. ബൈട്രാൻസ്ഫർ നിയമനം ഗ്രേഡ് പ്രൊമോഷന്റെ കാര്യത്തിൽ ആദ്യ നിയമനമായി മാത്രമാണ് കണക്കാക്കുന്നത്. എൻട്രി തസ്തികയിൽ ഒരു നിശ്ചിത വർഷം പൂർത്തിയാകുമ്പോൾ ആണ് പ്രസ്തുത തസ്തികയിൽ ഗ്രേഡുകൾക്ക് അർഹമാവുന്നത്. വ്യത്യസ്ത തസ്തികയിലെ സേവനം കണക്കിലെടുത്ത് സമയബന്ധിത ഗ്രേഡ് അനുവദിക്കുന്നതിന് പരാമർശം(6)-ലെ സർക്കുലർ പ്രകാരം വ്യവസ്ഥയില്ല.

8. ലാസ്റ്റ് ഗ്രേഡ്, ക്ലാർക്ക് എന്നിവ വ്യത്യസ്ത തസ്തികകൾ ആണ്. അത്തരം വ്യത്യസ്ത തസ്തികകളിലെ സേവനകാലം കണക്കിലെടുത്ത് ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥ ഇല്ല. ഹർജിക്കാരുടെ ക്ലാർക്ക് തസ്തികയിലെ നിയമനം എൻട്രി കേഡർ പോസ്റ്റിലെ നിയമനമായി മാത്രമേ പരിഗണിക്കുകയുള്ളൂ. എഫ്.റ്റി.സി.എം., ഓഫീസ് അറ്റൻഡന്റ്

തസ്തികകൾ ക്ലാർക്ക് തസ്തികയുടെ എൻട്രി കേഡർ പോസ്റ്റ് അല്ല. എൻട്രി കേഡർ പോസ്റ്റിൽ ഇൻക്രിമെന്റുകൾക്ക് പരിഗണിക്കപ്പെട്ട സേവനകാലയളവാണ് ഗ്രേഡ് പ്രൊമോഷനുകൾക്കുള്ള യോഗ്യസേവനകാലമായി കണക്കിലെടുക്കുന്നത്. എൻട്രി കേഡർ പോസ്റ്റുകളിൽ നിയമനം ലഭിക്കുകയും എന്നാൽ സ്ഥാനക്കയറ്റം ലഭ്യമാവുന്നതിൽ കാലതാമസം ഉണ്ടാവുകയോ സ്ഥാനക്കയറ്റം ലഭ്യമാവാത്ത സാഹചര്യം ഉണ്ടാവുകയോ ചെയ്യുമ്പോൾ ജീവനക്കാർക്ക് ഒരു സമാശ്വാസം എന്ന നിലയിലാണ് ശമ്പള പരിഷ്കരണ ഉത്തരവുകളിലെ വ്യവസ്ഥകൾ കൂടി പരിഗണിച്ച് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത്. ഹർജിക്കാർ എയ്ഡഡ് സ്കൂൾ ജീവനക്കാരാണ് എന്നിരുന്നാലും ഗ്രേഡ് സംബന്ധമായത് ഉൾപ്പെടെ എല്ലാ സേവനവ്യവസ്ഥകളും സർക്കാർ ജീവനക്കാരുടെതിനു സമമായി തന്നെയാണ് ഇവർക്കും ബാധകമാക്കിയിട്ടുള്ളത്. എന്നാൽ, 2019-ലെ ശമ്പള പരിഷ്കരണ ഉത്തരവ് ഉൾപ്പെടെ എല്ലാ ശമ്പള പരിഷ്കരണ ഉത്തരവിലും വ്യത്യസ്ത കാറ്റഗറിയിലെ സേവന കാലയളവുകൾ കണക്കിലെടുത്ത് സമയബന്ധിത ഹയർഗ്രേഡുകൾ അനുവദനീയമല്ലെന്നാണ് വ്യക്തമാക്കിയിട്ടുള്ളത് .

<u>ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തലശ്ശേരി</u>

9. കെ.ഇ.ആർ. അധ്യായം 24 (A) ബാധകമാക്കിയിട്ടുള്ളത് 01/10/1964-നു മുമ്പേ സേവനത്തിൽ പ്രവേശിച്ച അനധ്യാപകർക്ക് മാത്രമാണ്. മറ്റ് അനധ്യാപകരെ നിയന്ത്രിക്കുന്നത് കെ.ഇ.ആർ. അധ്യായം 24 (B) പ്രകാരമാണ്.

10. ഈ കേസിലെ ഹർജിക്കാരെല്ലാം 01/10/1964നു ശേഷം സേവനത്തിൽ പ്രവേശിച്ചവരാണ്. ഈ അധ്യായത്തിലെ ചട്ടങ്ങൾ പ്രകാരം ക്ലാർക്ക് തസ്തിക ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ നേരിട്ടുള്ള ഉദ്യോഗകയറ്റ തസ്തികയായി കണക്കാക്കുന്നില്ല . ലാസ്റ്റ്ഗ്രേഡ് ജീവനക്കാരിൽ എഫ്.ടി.സി.എം. തസ്തികയുടെ യോഗ്യത ആ ജീവനക്കാരൻ സാക്ഷരൻ ആയിരിക്കണമെന്നും, ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ യോഗ്യത ഏഴാം തരം പാസായിരിക്കണം എന്നുമാണ് എന്നാൽ, എയ്ഡഡ് സ്കൂളുകളിലെ ക്ലാർക്കിന്റെ യോഗ്യത പത്താം ക്ലാസ് പാസായിരിക്കണം എന്നതാണ്. വ്യത്യസ്ത യോഗ്യതകൾ നിശ്ചയിക്കപ്പെട്ടത് കൊണ്ടുതന്നെ പ്രസ്തുത യോഗ്യത നേടിയവരെ മാത്രമേ ആ തസ്തികയിലേക്ക് സ്ഥാനകയറ്റം നല്കി നിയമിക്കുകയുള്ളൂ.

11 ഇത്തരം വിഷയങ്ങളിലുള്ള പൊതുവ്യവസ്ഥകൾ സർക്കാർ/എയ്ഡഡ് സർവ്വീസിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ഒരുപോലെ ബാധകമാണ് സർക്കാർ മേഖലയിൽ ഈ ആനുകൂല്യം ഇതുവരെയായി അനുവദിക്കപ്പെട്ടിട്ടില്ലെന്നും, മേൽ വിവരിച്ച സാഹചര്യത്തിൽ ഹർജിക്കാരുടെ ആവശ്യം പരിഗണനാർഹമല്ലെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

12. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും വിദ്യാഭ്യാസ നിയമങ്ങളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

13. എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർ പ്രധാനമായും രണ്ടു രീതിയിലുള്ളവരാണ് ലാസ്റ്റ് ഗ്രേഡിൽ നിന്നും പ്രൊമോഷൻ ലഭിച്ച് ക്ലാർക്കാവുന്നവരും, ക്ലാർക്ക് തസ്തികയിൽ സേവനമാരംഭിച്ച് ക്ലാർക്ക് തസ്തിക എൻട്രി തസ്തികയായി തുടരുന്നവരും. ഇരു കൂട്ടർക്കും ഒരുപോലെയല്ല സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത്. കെ.ഇ.ആർ അധ്യായം 14A , റൂൾ 1 ന്റെ വിശദീകരണം II പ്രകാരം എൻട്രി തസ്തികയെ അടിസ്ഥാനമാക്കിയാണ് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത്. അതിനാൽ, ലാസ്റ്റ് ഗ്രേഡിൽ നിന്നും പ്രൊമോഷൻ ലഭിച്ച് ക്ലാർക്കാവുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ എൻട്രി തസ്തിക ലാസ്റ്റ് ഗ്രേഡ് തന്നെയായിരിക്കും. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിർദ്ദിഷ്ട വർഷ യോഗ്യതാ സേവനകാലയളവുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സമയ ബന്ധിത ഹയർ ഗ്രേഡുകൾ ചുവടെപ്പറയുന്ന വ്യവസ്ഥകളോടെ അനുവദിക്കാവുന്നതാണ്.

i) എയ്ഡഡ് സ്കൂളുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തിക എഫ്ടി.എം., പ്യൂൺ, സ്വീപ്പർ, വാച്ച്മാൻ എന്നിങ്ങനെ പല തസ്തികകൾ ഉൾപ്പെട്ടതാണ്. ഇവരിൽ നിന്നും ക്ലാർക്ക് തസ്തികയ്ക്ക് വേണ്ട യോഗ്യതകൾ നേടിയിട്ടുള്ളവരെ മാത്രമാണ് ടി പ്രൊമോഷന് പരിഗണിക്കുന്നത്. ലാസ്റ്റ് ഗ്രേഡിൽ നിന്നും ആദ്യ പ്രൊമോഷനായി ക്ലാർക്ക് തസ്തികയിലേക്ക് നിയമനം ലഭിക്കുന്നവർക്ക് ആദ്യ സമയ ബന്ധിത ഹയർ ഗ്രേഡിന് അർഹതയില്ല.

ii) എന്നാൽ ലാസ്റ്റ് ഗ്രേഡിൽ തന്നെ എഫ്ടി.എം ആയി നിയമിക്കപ്പെട്ട ഒരു ജീവനക്കാരൻ ആദ്യമായി പ്യൂൺ പ്രൊമോഷൻ ലഭിക്കുകയും ടിയാളുകൾ എഫ്.ടി.എം, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ തന്നെ തുടരുകയാണെങ്കിൽ അഡ്വാൻസ് ഇൻക്രിമെന്റ് നല്കാതെയുള്ള ശമ്പളം കണക്കിലെടുത്ത് ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചു നൽകാവുന്നതും തുടർന്നാണ് ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതെങ്കിൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡിനായിരിക്കും അർഹതയില്ലാതാകുന്നത്.

iii) ലാസ്റ്റ് ഗ്രേഡിൽ നിന്നും ഗ്രേഡ് ലഭിച്ച ശേഷമോ അല്ലാതെയോ ക്ലാർക്ക് പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാർക്ക് തുടർന്ന് അർഹമായ ഗ്രേഡുകൾ കണക്കാക്കേണ്ടത് ക്ലാർക്ക് തസ്തികയിലെ ഗ്രേഡുകൾ എന്നല്ല, മറിച്ച് എൻട്രി തസ്തികയായ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ലഭിക്കേണ്ട തുടർ ഗ്രേഡുകളാണ്. അതിൻപ്രകാരം ശമ്പള പരിഷ്കരണ ഉത്തരവുകളിലെ അനുബന്ധം I പ്രകാരം ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിലുകളിലാണ് തുടർ സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുവാൻ അർഹതയുള്ളത്.

14. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ, റിട്ട് ഹർജി നം. 8065/2023 -യിലെ ഹർജിക്കാർക്ക് എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്കു അവരുടെ മുൻകാല ലാസ്റ്റ് ഗ്രേഡ് സേവനം കൂടി എൻട്രി തസ്തികയായി കണക്കാക്കി ക്ലാർക്ക് തസ്തികയിൽ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുവാൻ തലശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക്

നിർദ്ദേശം നല്കി, അപ്രകാരം റിട്ട് ഹർജി നം. 8065/2023 -യിലെ പരാമർശം(8) ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള , എറണാകുളം.(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തലശ്ശേരി.
ശ്രീ.സതി.വി, ക്ളാർക്ക്, ഇരിട്ടി ഹയർ സെക്കന്ററി സ്കൂൾ, ഇരിട്ടി , കീഴൂർ, കണ്ണൂർ, 670703.
ശ്രീ.മാത്യു.സി.ടി, ചെറുപറമ്പിൽ ഹൗസ്, കിളിയന്ത്ര പി.ഒ, കണ്ണൂർ 670706.
ശ്രീ.വർക്കി.ടി.സി, ഉരുത്തിമറ്റം, കിളിയന്ത്ര പി.ഒ, കണ്ണൂർ 670706.
ശ്രീ.തോമസ് എം.സി, Mookilakattu House, കിളിയന്ത്ര പി.ഒ, കണ്ണൂർ 670706.
ശ്രീ.രാമകൃഷ്ണൻ.കെ, Kunnumprath House, പാതിരിയാട് പി.ഒ, കണ്ണൂർ-670741.
ശ്രീ.സിബി സെബാസ്റ്റ്യൻ, Kalapurackal House, തൊണ്ടിയിൽ പി.ഒ, കണ്ണൂർ, 670673.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വിഭാഗം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Padmakumari B
Date: 11-04-2024 16:00:20
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ പി.എസിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്.